പരപ്പനങ്ങാടി മുനിസിപ്പൽ മുസ്‌ലിം ലീഗ് കമ്മറ്റി

ഗ്രെയ്സ് എജ്യുക്കേഷണൽ അസോസിയേഷൻ

അറിവരങ്ങ്

SET D

വായനാ മത്സരം : ചോദ്യാവലി

വിജയികൾക്കുള്ള സമ്മാനങ്ങൾ		
ഒന്നാം സ്ഥാനം	:	ലാപ്ടോപ്പ്
രണ്ടാം സ്ഥാനം	:	ഒരു പവൻ സ്വർണ്ണം
മൂന്നാം സ്ഥാനം	:	വാഷിംഗ് മെഷിൻ
കൂടാതെ 100 പേർക്ക് ആകർഷകമായ സമ്മാനങ്ങളും		

പ്രധാന നിർദ്ദേശങ്ങൾ

1 ഈ ചോദ്യാവലിയിൽ ആകെ 100 ചോദ്യങ്ങളുണ്ട്.

2 1 മുതൽ 75 വരെയുള്ള ചോദ്യങ്ങൾ എം.സി.വടകര രചിച്ച് ഗ്രെയ്സ് ബുക്സ് പ്രസിദ്ധീകരിച്ച "സയ്യിദ് അബ്ദുറഹിമാൻ ബാഫഖിതങ്ങൾ" എന്ന ഗ്രന്ഥത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. 76 മുതൽ 100 വരെയുള്ള ചോദ്യങ്ങൾ പരപ്പനങ്ങാടിയുടെ പ്രാദേശിക വിവരങ്ങൾ ഉൾപ്പെടുത്തിയതാണ്.

3 എല്ലാ ശരിയുത്തരങ്ങൾക്കും ഒരു മാർക്ക് വീതം.

4 ലഭിച്ചിരിക്കുന്ന ചോദ്യാവലിയിൽ 100 ചോദ്യങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

5 ചോദ്യാവലിയിൽ മുനിസിപ്പൽ മുസ്‌ലിം ലീഗ് കമ്മറ്റിയുടെ സീലും ക്രമനമ്പറും ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

6 ചോദ്യാവലിയുടെ ഫോട്ടോ കോപ്പി സ്വീകരിക്കുന്നതല്ല.

7 നിർദ്ദേശങ്ങൾക്ക് താഴെയുള്ള ഭാഗത്ത് പ്രാഥമികവിവരങ്ങൾ (പേര്, വിലാസം തുടങ്ങിയവ) വ്യക്തമായി പൂരിപ്പിക്കേണ്ടതാണ്.

8 ഓരോ ചോദ്യത്തിനും എ, ബി, സി, ഡി എന്നീ നാല് ഓപ്ഷനുകളുണ്ട്. ശരിയുത്തരത്തിന്റെ ഓപ്ഷനിൽ '✓'അടയാളപ്പെടുത്തുക

9 ഒന്നിലധികം ഓപ്ഷനിൽ ✓ രേഖപ്പെടുത്തിയാൽ ഉത്തരം അസാധുവായിരിക്കും

10 ഉത്തരങ്ങൾ രേഖപ്പെടുത്തി തന്നിരിക്കുന്ന കവറിൽ നിക്ഷേപിച്ച് ഒട്ടിച്ച് 2018 ഏപ്രിൽ 30ന് മുമ്പായി തിരിച്ചേൽപ്പിക്കേണ്ടതാണ്.

11 2018 ഏപ്രിൽ 10 മുതൽ 13 വരെ പരപ്പനങ്ങാടിയിൽ നടക്കുന്ന മുസ്‌ലിം യൂത്ത് ലീഗ് സമ്മേളനനഗരിയിൽ സ്ഥാപിക്കുന്ന പ്രത്യേക കൗണ്ടറുകളിലോ ഏപ്രിൽ 30 നു മുമ്പായി മുനിസിപ്പൽ മുസ്‌ലിംലീഗ് ഭാരവാഹികളുടെ കൈവശമോ ഉത്തരപ്പേപ്പർ കവർ ഏൽപിക്കാവുന്നതാണ്.

12 ചോദ്യാവലി രേഖപ്പെടുത്തി തിരിച്ചേൽപിക്കുന്നതിനും വിശദവിവരങ്ങൾക്കും ബന്ധപ്പെടാവുന്ന ഫോൺ നമ്പറുകൾ. 9961074995, 9745301097

13 ഒരേ മാർക്ക് ലഭിച്ചവരുണ്ടെങ്കിൽ വിജയികളെ നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്നതാണ്.

14 **പരപ്പനങ്ങാടി മുനിസിപ്പൽ പരിധിയിലെ സ്ഥിരതാമസക്കാർക്കുമാത്രമാണ് ഈ മത്സരത്തിൽ പങ്കെടുക്കാൻ അവസരം.**

15 മത്സരം സംബന്ധിച്ച് നയപരമായ തീരുമാനങ്ങൾ എടുക്കാനുള്ള അധികാരം മുനിസിപ്പൽ മുസ്‌ലിം ലീഗ് കമ്മറ്റിയിൽ നിക്ഷിപ്തമായിരിക്കും.

പേര് :.....

പിതാവിന്റെ /

ഭർത്താവിന്റെ പേര് :.....

വിലാസം :.....

.....

.....

ഡിവിഷൻ നമ്പർ :..... ഫോൺ നമ്പർ.....

1 1936 ലെ മദിരാശി നിയമസഭാ തെരഞ്ഞെടുപ്പിലെ ലീഗ് സ്ഥാനാർത്ഥിയുടെ വളണ്ടിയർ ക്യാപ്റ്റൻ ആരായിരുന്നു?

എ) ഇ.കെ.മൊയ്തു ബി) എ.മമ്മു

സി) പി.കുഞ്ഞഹമ്മദ്കുട്ടി ഹാജി ഡി) എം.കെ.ഹാജി

2 1960 ലെ നിയമസഭയിൽ സ്പീക്കർ ഏത് പാർട്ടിക്കാരനായിരുന്നു?

എ) പി.എസ്.പി ബി) കോൺഗ്രസ്

സി) മുസ്ലിം ലീഗ് ഡി) സി.പി.ഐ

3 ഇന്ത്യാ വിഭജനത്തെതുടർന്ന് പാക്കിസ്ഥാനിലേക്ക് പോവുകയും പിന്നീട് സൗദി അറേബ്യയിൽ പാക്കിസ്ഥാൻ അംബാസഡർ ആവുകയും ചെയ്ത വ്യക്തി?

എ) നവാബ് ലിയാഖത്ത് അലിഖാൻ ബി) അബ്ദുസത്താർ സേട്ട്

സി) സഫർ അഹമ്മദ് ഡി) നവാബ് സിദ്ദീഖ് അലിഖാൻ

4 കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ —— മുതൽ —— വരെ വാർഡുകൾ ചേർന്നതാണ് പന്തലായിനി കൊല്ലം.

എ) 35 മുതൽ 38 വരെ ബി) 32 മുതൽ 34 വരെ

സി) 34 മുതൽ 37 വരെ ഡി) 35 മുതൽ 37 വരെ

5 1594ൽ പന്തലായിനിയിൽ വെച്ച് പറങ്കിപ്പടയെ പരാജയപ്പെടുത്തിയത് ആര്?

എ) കുഞ്ഞാലി ഒന്നാമൻ ബി) കുഞ്ഞാലി രണ്ടാമൻ

സി) കുഞ്ഞാലി മൂന്നാമൻ ഡി) കുഞ്ഞാലി നാലാമൻ

6 കോഴിക്കോട് വലിയങ്ങാടിയിലെ “അരിക്കാരൻ തങ്ങൾ” കോർട്ട് റോഡിൽ എങ്ങനെയാണ് അറിയപ്പെട്ടത്?

എ) കൊപ്രക്കാരൻ തങ്ങൾ ബി) പാണ്ടികശാല മുതലാളി

സി) റേഷൻമൊത്തവ്യാപാരി തങ്ങൾ ഡി) കോട്ട് ധരിച്ച തങ്ങൾ

7 തെരഞ്ഞെടുപ്പിലെ വിജയത്തിന് ശേഷം എസ്.കെ.പൊറ്റെക്കാടിനോട് സി.എച്ച് ആവശ്യപ്പെട്ടതെന്ത്?

എ) പാർലമെന്റ് പശ്ചാത്തലത്തിൽ ചന്ദ്രികയിലേക്കൊരു നോവൽ

ബി) വരുന്ന നിയമസഭാതെരഞ്ഞെടുപ്പിൽ സീറ്റ്

സി) ചന്ദ്രികയിൽ ഒരു കോളം കൈകാര്യം ചെയ്യുക

ഡി) അവരുടെ വിദ്യാഭ്യാസ സ്ഥാപനത്തിലേക്ക് ലീഗുകാർക്ക് നിയമനം

8 കേരളാ സംസ്ഥാന മുസ്ലിം ലീഗ് ഒന്നാം സംസ്ഥാന സമ്മേളനം നടന്നത്?

എ) കോഴിക്കോട് ബി) മലപ്പുറം സി) ആലപ്പുഴ ഡി) തലശ്ശേരി

9 സി.എച്ചി നോട് സ്പീക്കർ സ്ഥാനം രാജിവെക്കണമെന്ന് ഇസ്മായിൽ സാഹിബ് ഫോണിലൂടെ ആവശ്യപ്പെടുന്ന സംഭവം വിശദീകരിക്കുന്ന അധ്യായം ഏത്?

എ) ബലി ആവശ്യപ്പെടുന്ന ദേവത ബി) ഗവൺമെന്റുകൾ തകരുന്നത്

സി) നേതൃത്വത്തിന്റെ പ്രതിസന്ധികൾ ഡി) പട്ടം പഞ്ചാബിലേക്ക്

10 1967 മന്ത്രിസഭയിൽ സി.എച്ച്, എം.പി.എം. അഹമ്മദ്കുരിക്കൾ എന്നിവർക്ക് ലഭിച്ച വകുപ്പുകൾ ഏതെല്ലാം?

എ) വിദ്യാഭ്യാസം, ആരോഗ്യം (യഥാക്രമം)

ബി) പഞ്ചായത്ത്, വിദ്യാഭ്യാസം (യഥാക്രമം)

സി) വിദ്യാഭ്യാസം, പഞ്ചായത്ത് (യഥാക്രമം)

ഡി) ആരോഗ്യം, പഞ്ചായത്ത് (യഥാക്രമം)

11 1967 ലെ ഇ.എം.എസ് മന്ത്രിസഭയിലെ മുസ്ലിം സമുദായ അംഗങ്ങളായ മന്ത്രിമാർ എത്രപേർ?

എ) 2 ബി) 3 സി) 4 ഡി) 1

12 മലബാർ ജില്ലാ മുസ്ലിം ലീഗിന്റെ മൂന്നാമത്തെ പ്രസിഡണ്ട് ആര്?

എ) സി.എച്ച്.മുഹമ്മദ്കോയ ബി) എം.കെ.ഹാജി

സി) അബ്ദുറഹിമാൻ ബാഫഖി തങ്ങൾ ഡി) സീതിസാഹിബ്

13 ബാഫഖി തങ്ങളുടെ വിനോദത്തിൽ പെട്ടത്?

എ) ഡ്രൈവിംഗ് ബി) കോഴി വളർത്തൽ

സി) സായാഹ്ന നടത്തം ഡി) സ്റ്റാമ്പ് ശേഖരണം

14 സി.എച്ച്. സ്പീക്കർസ്ഥാനം രാജിവെക്കാനുണ്ടായ കാരണം എന്തായിരുന്നു?

എ) ഭൂരിപക്ഷം ഇല്ലാത്തതിനാൽ

ബി) ലീഗ് ത്രികക്ഷി സഖ്യം അവസാനിപ്പിക്കാൻ തീരുമാനിച്ചതിനെ തുടർന്ന്.

സി) തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ഡി) അസുഖം കാരണം

15 കേരളത്തിന്റെ രണ്ടാമത്തെ മുഖ്യമന്ത്രി ആരായിരുന്നു?

എ) ആർ.ശങ്കർ ബി) പി.കെ.വാസുദേവൻ നായർ

സി) സി.എച്ച് മുഹമ്മദ്കോയ ഡി) പട്ടം താണുപിള്ള

16 1967 തെരഞ്ഞെടുപ്പിൽ മുസ്ലിം ലീഗ് എത്ര മണ്ഡലങ്ങളിൽ ഔദ്യോഗികസ്ഥാനാർത്ഥികളെ മത്സരിപ്പിച്ചു?

എ) 15 ബി) 10 സി) 13 ഡി) 9

17 ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ പ്രഥമ മലബാർ ജില്ലാസമ്മേളനം നടന്നത് കോഴിക്കോട്ട് എവിടെ വെച്ച്?

എ) മുതലക്കുളം ബി) മാനാഞ്ചിറ

സി) ബീച്ച് ഹോട്ടലിന് സമീപം ഡി) ബീച്ച് റോഡിൽ

18 അഹമ്മദ്കുരിക്കളുടെ നിര്യാണശേഷം പകരം മന്ത്രിപദത്തിലെത്തിയതാര്?

എ) സി.എച്ച് മുഹമ്മദ്കോയ ബി) പി.കെ.കുഞ്ഞ്

സി) ചാക്കീരി അഹമ്മദ്കുട്ടി ഡി) അവുക്കാദർകുട്ടിനഹ

19 ഐക്യരാഷ്ട്രസഭയിലെ ഇന്ത്യൻ പ്രതിനിധിയെ വിമർശിച്ച കാലത്ത് ലീഗിനെ പിന്തുണച്ച് രംഗത്തുവന്ന രാഷ്ട്രീയപാർട്ടി?

എ) കോൺഗ്രസ് ബി) സി.പി.ഐ സി) പി.എസ്.പി ഡി) സി.പി.എം

20 നേതൃസ്മൃതി പരമ്പരയിലെ എത്രാമത്തെ പുസ്തകമാണ് "സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ"?

എ) 2 ബി) 3 സി) 4 ഡി) 5

21 കോൺഗ്രസ്സുകാർ പറയുന്നത് മുസ്ലിം ലീഗില്ലാത്ത മുനിസിപ്പാലിറ്റിയാണ് ആവശ്യമെന്നാണ്. എന്നാൽ കുണ്ടും കുഴിയും ചെളിയും കൊതുകുമില്ലാത്ത ഒരു മുനിസിപ്പാലിറ്റി വേണമെന്ന് എന്തുകൊണ്ടവർ ആവശ്യപ്പെടുന്നില്ല- മേൽപറഞ്ഞ വാക്കുകൾ ആരുടെ പ്രസംഗത്തിലേതാണ്?

എ) ബാഫഖി തങ്ങൾ ബി) പൂക്കോയ തങ്ങൾ

സി) സീതി സാഹിബ് ഡി) സി.എച്ച് മുഹമ്മദ്കോയ.

22 ചന്ദ്രിക പത്രാധിപസമിതി അംഗങ്ങളായ കെ.കെ.മുഹമ്മദിനേയും കെ.പി.കുഞ്ഞിമൂസയേയും ഒന്നിച്ചു കണ്ടപ്പോൾ പത്രധർമ്മത്തെക്കുറിച്ച് ബാഫഖിതങ്ങൾ ബോധ്യപ്പെടുത്തുന്ന സംഭവം പറയുന്ന അധ്യായമേത്?

എ) 17 ബി) 7 സി) 16 ഡി) 9

23 സ്കൂളിൽ പഠിക്കുന്ന കാലത്ത് കടത്ത് തോണിക്ക് കൊടുക്കാൻ കയ്യിൽ കാശില്ലാത്തതിനാൽ ഗംഗാനദി മുറിച്ച് നീന്തിക്കടന്ന അനുഭവമുള്ള ഒരാളിനെ പുസ്തകത്തിൽ എം.സി. വടകര ചൂണ്ടിക്കാണിക്കുന്നുണ്ട്. ആരാണ് അദ്ദേഹം?

എ) ചരൺസിംഗ് ബി) ജവഹർലാൽ നെഹ്റു

സി) ലാൽബഹദൂർ ശാസ്ത്രി ഡി) മൊറാർജി ദേശായ്

24 നെഹ്റുവിന്റെ മരണശേഷം പ്രധാനമന്ത്രി പദം ഏറ്റെടുത്തതാര്?

എ) ഇന്ദിരാ ഗാന്ധി ബി) മൊറാർജി ദേശായി

സി) ചരൺസിംഗ് ഡി) ലാൽ ബഹദൂർ ശാസ്ത്രി

25 കേരളപ്പിറവിക്ക് ശേഷം സ്റ്റേറ്റ് മുസ്ലിം ലീഗ് കമ്മറ്റിയുടെ ആദ്യ പ്രസിഡണ്ട്?

എ) സി.എച്ച്. മുഹമ്മദ്കോയ ബി) ബാഫഖി തങ്ങൾ

സി) പി.എം.എസ്.എ.പൂക്കോയതങ്ങൾ ഡി) ഖാൻബഹദൂർ ആറ്റക്കോയ തങ്ങൾ

26 "മുസ്ലിംകളുടെ മുടിചൂടാമന്നനായ ബാഫഖി തങ്ങളുടെ സാന്നിധ്യത്തിൽ ഈ സമ്മേളനം ഉദ്ഘാടനം ചെയ്യുവാൻ എനിക്ക് വളരെ ചാരിതാർത്ഥ്യമുണ്ട്". കോട്ടയത്തെ വിമോചനറാലിയിൽ ഇങ്ങനെ പറഞ്ഞതാര്?

എ) കെ.കേളപ്പൻ ബി) പട്ടം താണുപ്പിള്ള

സി) ഫാദർ വടക്കൻ ഡി) മന്നത്ത് പത്മനാഭൻ

27 കെ.എം.സീതിസാഹിബിന്റെ മരണശേഷം സ്പീക്കർ സ്ഥാനത്തേക്ക് ബാഫഖിതങ്ങൾ നിർദ്ദേശിച്ച വ്യക്തി?

എ) ചാക്കീരി അഹമ്മദ്കുട്ടി ബി) ബി.വി.അബ്ദുള്ളക്കോയ

സി) സി.എച്ച് മുഹമ്മദ്കോയ ഡി) സത്താർ സേട്ട്

28 സീതിസാഹിബിന്റെ മരണത്തെ തുടർന്ന് ഉപതിരഞ്ഞെടുപ്പ് നടന്നതെവിടെ?

എ) കുറ്റിപ്പുറം ബി) മഞ്ചേരി സി) വടകര ഡി) കൊയിലാണ്ടി

29 ബാഫഖിതങ്ങളുടെ മാതാവ് ആര്?

എ) പുതിയമാളിയേക്കൽ ഫാത്തിമ ബീവി ബി) ശരീഫാ റൗളാ മുത്തുബീവി

സി) ശരീഫ മറിയം ബീവി ഡി) പുതിയ മാളിയേക്കൽ ശരീഫ മുല്ലബീവി

30 തലശ്ശേരി കേന്ദ്രമായി പ്രവർത്തനം ആരംഭിച്ച മുസ്ലിം സംഘടന ഏത്?

എ) മുസ്ലിം ഐക്യവേദി ബി) കേരള മുസ്ലിം ലീഗ്

സി) കേരള മുസ്ലിം മജ്ലിസ് ഡി) മജ്ലിസ് കേരള

31 1965ലെ നിയമസഭാ ഇലക്ഷൻകാലത്തെ കേരള ഗവർണർ ആര്?

എ) നീലം സഞ്ജീവ് റെഡ്ഡി ബി) അശോക് മേത്ത

സി) വി.വി.ഗിരി ഡി) പി.ഗോവിന്ദമേനോൻ

32 ഐക്യകേരള സംസ്ഥാനം രൂപീകൃതമായ വർഷം?

എ) 1952 ബി) 1950 സി) 1953 ഡി) 1956

33 ബാഫഖിതങ്ങളുടെ സഹോദരൻ സയ്യിദ് ഹാശിം ബാഫഖി തങ്ങൾ മരണപ്പെട്ടത് എവിടെവെച്ച്?

എ) റംഗൂൺ ബി) കറാച്ചി സി) മദ്രാസ് ഡി) ബർമ്മ

34 1958ൽ കേരളത്തിൽ സന്ദർശനത്തിനെത്തി ബാഫഖി തങ്ങളുമായി ചർച്ച നടത്തിയ കോൺഗ്രസ് പ്രസിഡണ്ട് ആര്?

എ) യു.എൻ ധേബർ ബി) അശോക് മേത്ത

സി) ഫരീദുദ്ദീൻ അൻസാരി ഡി) നിജലിംഗപ്പ

35 എവിടെ നടന്ന സർവ്വേന്ത്യാ മുസ്ലിം ലീഗ് വാർഷിക സമ്മേളനത്തിലാണ് ലീഗ് പ്രവർത്തനം ദക്ഷിണേന്ത്യയിലേക്ക് വ്യാപിപ്പിക്കാൻ തീരുമാനം എടുത്തത്?

എ) ഡൽഹി ബി) മദ്രാസ് സി) ലക്നൗ ഡി) ബോംബെ

36 മലയാളഭാഷയിൽ മുസ്ലിം ലീഗിന്റെ സന്ദേശം പ്രചരിപ്പിക്കുന്ന ഒരു നല്ല പത്രം തുടങ്ങണമെന്ന് ബാഫഖി തങ്ങളോട് ആവശ്യപ്പെട്ടത് ആര്?

എ) മുഹമ്മദലി ജിന്ന ബി) മൗലാനാ മുഹമ്മദലി

സി) മൗലാനാ സഫർ ഡി) ഇസ്മായിൽ സാഹിബ്

37 ഒ.കെ. മുഹമ്മദ്കുഞ്ഞി ചികിത്സാർത്ഥം മദിരാശിയിലെത്തിയപ്പോൾ സ്വീകരിക്കാൻ എത്തിയ ലീഗ് നേതാവ് ആര്?

എ) ബാഫഖി തങ്ങൾ ബി) സി.എച്ച് മുഹമ്മദ്കോയ

സി) സീതിസാഹിബ് ഡി) എം.കെ.ഹാജി

38 മുസ്ലിം ലീഗ് വിമോചന സമരത്തിൽ പങ്കെടുക്കാൻ ഔപചാരികമായി തീരുമാനിച്ചത് എന്ന്?

എ) 1959 ജൂൺ 20 ബി) 1959 ജൂൺ 21

സി) 1959 ജൂൺ 22 ഡി) 1959 ജൂൺ 23

39 1965 ലെ തിരഞ്ഞെടുപ്പിൽ മുസ്ലിം ലീഗിന്റെ അഞ്ച് സ്വതന്ത്രസ്ഥാനാർത്ഥികൾക്ക് പിന്തുണ പ്രഖ്യാപിച്ചതാര്?

എ) കേരള സോഷ്യലിസ്റ്റ് പാർട്ടി ബി) പി.എസ്.പി

സി) മാർക്സിസ്റ്റ് പാർട്ടി ഡി) എൻ.ഡി.പി

40 എം.ഇ.എസിന്റെ സ്ഥാപക പ്രസിഡണ്ട് ആര്?

എ) ഫസൽ ഗഫൂർ ബി) ഫസലുൽ ഹഖ്

സി) പി.കെ.റസാഖ് ഡി) പി.കെ. അബ്ദുൾ ഗഫൂർ

41 ബാഫഖി തങ്ങൾ പഠനം നിർത്തി കച്ചവട സ്ഥാപനത്തിൽ ജോലി ആരംഭിച്ചത് എത്രാമത്തെ വയസ്സിൽ?

എ) 12 ബി) 20 സി) 15 ഡി) 14

42 പണ്ഡിറ്റ് നെഹ്റു അന്തരിച്ച വർഷം ഏത്?

എ) 1960 ബി) 1962 സി) 1964 ഡി) 1965

43 1967ൽ കേരളാ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തത് ആര്?

എ) സി.എച്ച് ബി) ടി.വി. തോമസ് സി) ഇ.എം.എസ് ഡി) ആർ ശങ്കർ

44 അപ്പക്കോയക്കെതിരെ പരപ്പിൽ വാർഡിൽ മത്സരിച്ച് ജയിച്ച സി.എച്ച് മുഹമ്മദ്കോയക്ക് ലഭിച്ച വോട്ടുകളുടെ എണ്ണം?

എ) 1190 ബി) 1180 സി) 1170 ഡി) 1136

45 "ഒറ്റക്കൊമ്പിൽ മൂന്ന് കൊടി, വോട്ട് കഴിഞ്ഞാൽ തമ്മിലടി" എന്ന മുദ്രാവാക്യം പരാമർശിക്കുന്ന അധ്യായമേതാണ്?

എ) ഉറച്ച കാൽവെപ്പുകൾ ബി) തെരഞ്ഞെടുപ്പുകളിൽ നായകനായി

സി) മുന്നേറ്റത്തിന്റെ കരുത്ത് ഡി) ബലി ആവശ്യപ്പെടുന്ന ദേവത

46 "താൻ കാര്യങ്ങളൊക്കെ വേണ്ടത് പോലെ ചെയ്യുന്നുണ്ടല്ലോ. അതങ്ങ് അനുസരിച്ചാൽ മതി. പിന്നെ എന്തൂട്ട് ജനാധിപത്യം?" ഇതായിരുന്നു അദ്ദേഹത്തിന്റെ സ്റ്റൈൽ. ആരുടെ ശൈലിയെയാണ് ഗ്രന്ഥകർത്താവ് ഇങ്ങനെ പരാമർശിച്ചത്?

എ) സി.അച്യുതമേനോൻ ബി) ഇ.എം.എസ്. നമ്പൂതിരിപ്പാട്

സി) പട്ടംതാണുപിള്ള ഡി) ആർ ശങ്കർ

47 1960ലെ ഇടക്കാല തെരഞ്ഞെടുപ്പിൽ കേരള നിയമസഭയിലേക്ക് മുസ്‌ലിം ലീഗ് മത്സരിച്ചിരുന്ന സീറ്റുകളുടെ എണ്ണം എത്ര?

എ) 12 ബി) 13 സി) 14 ഡി) 15

48 കേരളാ സ്റ്റേറ്റ് മുസ്‌ലിംലീഗ് കമ്മറ്റിയുടെ പ്രഥമ സെക്രട്ടറി പദം അലങ്കരിച്ചത് ആര്?

എ) സീതിസാഹിബ് ബി) ഹസൻ ഗനി

സി) പോക്കർസാഹിബ് ഡി) സി.എച്ച്.മുഹമ്മദ്കോയ

49 വിമോചന സമരകാലത്ത് കേരളം മുഴുവൻ വിമോചന ദിനമായി ആചരിച്ച ദിനം?

എ) 1959 ജൂൺ 10 ബി) 1959 ജൂൺ 12

സി) 1959 ജൂലൈ 10 ഡി) 1959 ജൂലായ് 12

50 ഗവർണർ സ്ഥാനം സ്വീകരിച്ചാലും ഇല്ലെങ്കിലും അങ്ങ് മുഖ്യമന്ത്രിസ്ഥാനം ഒഴിയണം. ഇത് പ്രധാനമന്ത്രിയുടെ തീരുമാനമാണ്- ഇങ്ങനെ പറഞ്ഞ കോൺഗ്രസ് ഹൈക്കമാന്റ് പ്രതിനിധിയാര്?

എ) ലാൽബഹദൂർ ശാസ്ത്രി ബി) സഞ്ജീവ് റെഡ്ഡി

സി) അശോക് മേത്ത ഡി) ഗംഗാശരൺ സിംഹ

51 മദ്രാസ് അസംബ്ലിയിലെ മുസ്‌ലിം ലീഗ് അംഗമായിരുന്ന കൊയപ്പത്തൊടി അഹമ്മദ്കുട്ടിഹാജി അന്തരിച്ച വർഷം ഏത്?

എ) 1948 ബി) 1950 സി) 1952 ഡി) 1954

52 അബ്ദുറഹിമാൻ ബാഫഖി തങ്ങൾക്ക് മുമ്പ്, വിദ്യാർത്ഥിയായിരിക്കെതന്നെ ദേശീയപ്രസ്ഥാനത്തിലും സമരത്തിലും പങ്കെടുത്തിരുന്ന സഹോദരൻ?

എ) ഹാശിം ബാഫഖി ബി) അബ്ദുള്ള ബാഫഖി

സി) മുഹമ്മദ് ബാഫഖി ഡി) ഉമർ ബാഫഖി

53 1934 ൽ സെൻട്രൽ അസംബ്ലിയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ബാഫഖി തങ്ങൾ പിന്തുണച്ച സ്ഥാനാർത്ഥി?

എ) സത്താർ സേട്ട് സാഹിബ് ബി) എൻ.വി.അബ്ദുസലാം മൗലവി

സി) മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് ഡി) ബി.പോക്കർ സാഹിബ്

54 "ഇവരെല്ലാം ഈ അക്ഷയഖനിയിൽ നിന്നും വിളവെടുത്ത അനർഘ രത്നങ്ങളാണ്"- ഈ അക്ഷയഖനി എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്?

എ) കോഴിക്കോട് ബി) പന്തലായനി കൊല്ലം

സി) മലബാർ ഡി) കേരളം

55 അഹലുബൈത്ത് താവഴികളെ പറയുന്ന പേര് എന്ത്?

എ) ബാഅലവികൾ ബി) ഖബീലകൾ

സി) ഹദാദ് ഡി) സയ്യിദുകൾ

56 കേരളാ മുസ്‌ലിങ്ങൾ സർവേന്ത്യാ മുസ്‌ലിം ലീഗുമായി ബന്ധപ്പെടാനുള്ള സാഹചര്യമൊരുങ്ങിയ നിയമസഭാ തെരഞ്ഞെടുപ്പ് നടന്ന വർഷം?

എ) 1936-37 ബി) 1937-38 സി) 1935-36 ഡി) 1934-35

57 വിമോചനസമര വളണ്ടിയർമാരുടെ നേരെ പോലീസ് വെടിവെച്ചതിനെ തുടർന്ന് അഞ്ചുപേർ മരിച്ചു. സംഭവം നടന്ന സ്ഥലം ഏത് ?

എ) അഞ്ചുതെങ്ങ് ബി) ആലുവ സി) അങ്കമാലി ഡി) അരുവിക്കര

58 സർവ്വകലാശാല സെനറ്റിൽ വിദ്യാർത്ഥികൾക്ക് പ്രാതിനിധ്യം നൽകിയ വിദ്യാഭ്യാസ മന്ത്രി ആരായിരുന്നു?

എ) ജോസഫ് മുണ്ടശ്ശേരി ബി) പി.പി.ഉമ്മർകോയ

സി) സി.എച്ച്.മുഹമ്മദ്കോയ ഡി) ടി.എം. ജേക്കബ്

59 ഏത് സമ്മേളനത്തിൽ വെച്ചാണ് മുസ്‌ലിം ലീഗ്, മലപ്പുറം ജില്ലാ രൂപീകരണം ഗൗരവമായും പരസ്യമായും ആവശ്യപ്പെട്ടത്?

എ) 1967ലെ പാലക്കാട് സമ്മേളനം ബി) 1968ലെ കോഴിക്കോട് സമ്മേളനം

സി) 1966ലെ എറണാകുളം സമ്മേളനം ഡി) 1967ലെ ഹോസ്ദുർഗ് സമ്മേളനം

60 "എല്ലാവരാലും ബഹുമാനിക്കപ്പെടുക നിയമസഭാസ്പീക്കർ ആവാൻ വേണ്ട യോഗ്യതയാണെങ്കിൽ, സീതിസാഹിബിനെ പോലെ ആ സ്ഥാനത്തിനിണങ്ങുന്ന മറ്റൊരാളെ കണ്ടുപിടിക്കാൻ വിഷമമാണ്" സീതിസാഹിബിനെക്കുറിച്ച് ഇങ്ങിനെ എഴുതിയതാരാണ്?

എ) വക്കം പുരുഷോത്തമൻ ബി) പി.സി.സുകുമാരൻ നായർ

സി) സി.എച്ച് മുഹമ്മദ്കോയ ഡി) അഡ്വക്കറ്റ് നഫീസത്ത് ബീവി

61 സി.എച്ചിന്റെ രാജിയെ തുടർന്ന് താനൂർ മണ്ഡലത്തിൽ മത്സരിക്കുകയും വിജയിക്കുകയും ചെയ്തതാര്?

എ) ഇസ്മായിൽ സാഹിബ് ബി) സി.എം.കുട്ടി

സി) ബി.പോക്കർസാഹിബ് ഡി) ബി.വി.അബ്ദുള്ളക്കോയ

62 "സഹയാത്രക്കാർക്ക് തെല്ലും ശല്യമുണ്ടാക്കാതെ റേഡിയോ പ്രവർത്തിപ്പിച്ച് വാർത്തകൾ ശ്രദ്ധിച്ചുകൊണ്ടിരുന്ന ബാഫഖി തങ്ങളെ ഞാൻ നല്ലപോലെ നോക്കി പഠിച്ചു. എവിടെ വെച്ചും ഏത് ആൾക്കൂട്ടത്തിലും ബാഫഖിതങ്ങളെ തിരിച്ചറിയാം." ബാഫഖിതങ്ങളെക്കുറിച്ച് ഇങ്ങനെ അഭിപ്രായപ്പെടുന്ന വ്യക്തി ആരാണ്?

എ) എം.ആലിക്കുഞ്ഞ് സാഹിബ് ബി) കെ.പി.കെ.തങ്ങൾ മമ്പാട്

സി) യു.എൻ. ഡേബർ ഡി) എസ്.കെ.പൊറ്റെക്കാട്

63 സയ്യിദ് അബ്ദുറഹിമാൻ ബിൻ മുഹമ്മദ് ബിൻ അലവി എന്ന പണ്ഡിതൻ അറിയപ്പെട്ടിരുന്ന പേരെന്ത്?

എ) കണ്ണിയത്ത് അഹ്മദ് മുസ്‌ലിയാർ ബി) ബാഫഖി തങ്ങൾ

സി) വരക്കൽ മുല്ലക്കോയ തങ്ങൾ ഡി) മാളിയേക്കൽ വലിയകോയ തങ്ങൾ

64 ഖാഇദെ മില്ലത്ത് അന്തരിച്ചത് എന്ന്?

എ) 1972 ഏപ്രിൽ 4 ബി) 1972 ഏപ്രിൽ 5

സി) 1972 ഏപ്രിൽ 6 ഡി) 1972 ഏപ്രിൽ 7

65 ഗത്യന്തരമില്ലാതെ അവസാനം വലിയ തങ്ങൾ തന്റെ നീണ്ട കുപ്പായത്തിനുള്ളിൽ നിന്നും 'ചക്രായുധം'പുറത്തെടുത്തു. ഗ്രന്ഥകാരൻ ഉദ്ദേശിച്ച 'ചക്രായുധം' എന്ത്?

എ) എഴുതി തയ്യാറാക്കിയ കരാർ ബി) പഴയ ഫയൽഫോട്ടോ

സി) ടേപ്പ് റിക്കാർഡർ ഡി) കത്ത്

66 മാലിക് ദിനാറും സംഘവും മതപരിശീലനം നേടിയത് എവിടെനിന്ന്?

എ) ഹസർ മൗത്ത് ബി) മദീന സി) ഈജിപ്ത് ഡി) മക്ക

67 കാലിക്കറ്റ് സർവ്വകലാശാല ഉദ്ഘാടനം ചെയ്ത വർഷം?

എ) 1968 ബി) 1970 സി) 1969 ഡി) 1967

68 പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയെ ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ നിന്നും പുറത്താക്കിയത് എന്ന്?

എ) 1969 നവംബർ 10 ബി) 1969 നവംബർ 11

സി) 1969 നവംബർ 12 ഡി) 1969 ഡിസംബർ 5

69 കേരളത്തിന്റെ മൂന്നാമത്തെ മുഖ്യമന്ത്രി ആരായിരുന്നു?

എ) ഇ.എം.എസ് ബി) സി.എച്ച് സി) ആർ ശങ്കർ ഡി) പട്ടം താണുപിള്ള

70 എ.ഡി 1153 ൽ പന്തലായിനി സന്ദർശിച്ച അറേബ്യൻ സഞ്ചാരി ആര്?

എ) അബ്ദുറസാഖ് ബി) അൽ ഇദിരിസി

സി) ഇബ്നു ബത്തൂത്ത ഡി) അബ്ദുൽ കാസിം

71 ബാഫഖി തങ്ങൾ അന്തരിച്ചത് എന്ന്?

എ) 1973 ജനുവരി 19 ബി) 1973 ജനുവരി 28

സി) 1973 ജനുവരി 8 ഡി) 1973 ജനുവരി 20

72 കേരള നിയമസഭയിലേക്കുള്ള ആദ്യതെരഞ്ഞെടുപ്പിൽ സി.എച്ച്.മത്സരിച്ചത് എവിടെ?

എ) താനൂർ ബി) തിരൂർ സി) കുറ്റിപ്പുറം ഡി) കോഴിക്കോട്-2

73 "രണ്ടു ദിവസത്തിനുള്ളിൽ ഞാൻ തിരുവനന്തപുരത്ത് വരുന്നുണ്ട്. അതിനിടയിൽ കുഞ്ഞിനെതിരായി തീരുമാനമെടുക്കരുത്" ഇങ്ങനെ മുഖ്യമന്ത്രിക്ക് കമ്പി സന്ദേശം അയച്ചത് ആര്?

എ) അച്യുതമേനോൻ ബി) അശോക്മേത്ത

സി) ബാഫഖി തങ്ങൾ ഡി) പട്ടം താണുപിള്ള

74 1967ലെ കേരള നിയമസഭാ തെരഞ്ഞെടുപ്പിൽ എത്ര ലീഗ് സ്ഥാനാർത്ഥികൾ പരാജയപ്പെട്ടു?

എ) രണ്ട് ബി) ഒന്ന് സി) നാല് ഡി) മൂന്ന്.

75 തിരൂരങ്ങാടി യതീംഖാന ക്യാമ്പസിലെ പള്ളിക്ക് തറക്കല്ലിട്ട നേതാവ് ആര്?

എ) എം.കെ.ഹാജി ബി) കെ.എം.മൗലവി

സി) സീതിസാഹിബ് ഡി) ബാഫഖി തങ്ങൾ

76 പരപ്പനങ്ങാടി -നെടുവ പഞ്ചായത്തുകൾ കൂട്ടിച്ചേർത്ത് പരപ്പനങ്ങാടി പഞ്ചായത്ത് രൂപീകരിച്ച വർഷം ഏത്?

എ) 1965 ബി) 1962 സി) 1961 ഡി) 1964

77 നഹാ സാഹിബ് മന്ത്രിയായി ആദ്യം കൈകാര്യം ചെയ്ത വകുപ്പ്?

എ) ആഭ്യന്തരം ബി) പഞ്ചായത്ത്

സി) പൊതുമരാമത്ത് ഡി) സാമൂഹ്യക്ഷേമം

78 1955 ൽ പരപ്പനങ്ങാടിയിൽ നടന്ന മലബാർ ജില്ലാ മുസ്ലിം ലീഗ് സമ്മേളന നഗരിയുടെ പേര്?

എ) സർ സയ്യിദ് നഗർ ബി) ഖാഇദേമില്ലത്ത് നഗർ

സി) ഇഖ്ബാൽ നഗർ ഡി) ബാഫഖി തങ്ങൾ നഗർ

79 പ്രശസ്ത മാപ്പിളപ്പാട്ട് സാഹിത്യഗവേഷകൻ ബാലകൃഷ്ണൻ വള്ളിക്കുന്ന് പരപ്പനങ്ങാടിയിലെ ഏത് സ്കൂളിലാണ് ഹെഡ്മാസ്റ്ററായി ജോലി ചെയ്തത്?

എ) ജി.എൽ.പി.എസ്. ചെട്ടിപ്പടി ബി) ജി.എംഎൽ.പി.എസ്. പരപ്പനങ്ങാടി

സി) എ.യു.പി.എസ്. ചെറമംഗലം ഡി) ജി.യു.പി.എസ് നെടുവ

80 “ആ സ്നേഹരൂപൻ ശാന്തൻ നഹാസാഹിബിൻ ചിത്രം
മായാതെ കിടന്നിടും കേരളാംബ തൻ മാറിൽ” - ആരുടെ വരികളാണ് ഇവ?

എ) രാവണപ്രഭു ബി) സുകുമാർ കക്കാട്

സി) സി.പി.വത്സൻ ഡി) പി.ടി. അബ്ദുറഹ്മാൻ

81 പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയുടെ വിസ്തീർണ്ണം എത്ര?

എ) 22.25 ച.മീറ്റർ ബി) 20.ച.കി.മീറ്റർ

സി) 22.25 ച.കി.മീറ്റർ ഡി) 18.75 ച.കിലോമീറ്റർ

82 ഇന്ത്യൻ ചരിത്രഗവേഷണകൗൺസിൽ മുൻ അധ്യക്ഷൻ പരപ്പനങ്ങാടിക്കാരനായിരുന്നു. പേര്?

എ) ഡോ.എം.ഗംഗാധരൻ ബി) ഡോ.എം.ജി.എസ്. നാരായണൻ

സി) ഡോ.പി.കെ.എസ്. നായർ ഡി) കെ.കെ.എൻ.കുറുപ്പ്

83 ബി.ഇ.എം. എന്നതിന്റെ പൂർണരൂപം എന്ത്?

എ) ബാസൽ ഇവാഞ്ചലിക്കൽ മിഷൻ

ബി) ഭാരത് ഇംഗ്ലീഷ് മിഷൻ

സി) ഭാരത് ഇവാഞ്ചലിക്കൽ മൂവ്മെന്റ്

ഡി) ബാസൽ എലിമെന്ററി മൂവ്മെന്റ്

84 ന്യൂഡൽഹിയിൽ നടന്ന റിപ്പബ്ലിക് ദിന പരേഡിൽ മാപ്പിള കലകൾ അവതരിപ്പിച്ച സംഘടന ഏത്?

എ) സാഗാ പരപ്പനങ്ങാടി ബി) നവജീവൻ ചെറമംഗലം

സി) ദർപ്പണ പരപ്പനങ്ങാടി ഡി) മാസ്ക് ചെട്ടിപ്പടി

85 പരപ്പനങ്ങാടി മുൻസിഫ് കോടതി സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കാനാരംഭിച്ച വർഷം ഏത്?

എ) 1914 ബി) 1918 സി) 1902 ഡി) 1926

86 1995 ലെ ഗ്രാമപഞ്ചായത്ത് ഇലക്ഷനിൽ പരപ്പനങ്ങാടി ഗ്രാമപഞ്ചായത്തിൽ മുസ്ലിം ലീഗിന് ലഭിച്ച സീറ്റുകളുടെ എണ്ണം?

എ) 9 ബി) 10 സി) 8 ഡി) 11

87 ഗ്രീൻ ബുക്സിന്റെ പ്രഥമ സംസ്ഥാന സി.ജി.ശാന്തകുമാർ അവാർഡ് നേടിയ പരപ്പനങ്ങാടിക്കാരനായ എഴുത്തുകാരൻ ആര്?

എ) സി.പി.വത്സൻ ബി) ഡോ.എം.ഗംഗാധരൻ

സി) റഷീദ് പരപ്പനങ്ങാടി ഡി) കെ.പി.രാമനുണ്ണി

88 എത്ര പരപ്പനങ്ങാടി സ്വദേശികൾ കേരള നിയമസഭാ സാമാജികരായിട്ടുണ്ട്?

എ) 2 ബി) 3 സി) 4 ഡി) ഇവയൊന്നുമല്ല

89 ഭരണാധികാരികളാൽ നാടുകടത്തപ്പെട്ട് പരപ്പനങ്ങാടിയിൽ സ്ഥിരതാസമാക്കിയ വ്യക്തി ആര്?

എ) കുഞ്ഞിസീതിതങ്ങൾ ബി) ഹുസൈൻ ദീദി

സി) എൻ.പി.അബു ഡി) ഇവരൊന്നുമല്ല

90 ചെറമംഗലത്ത് സ്ഥിതി ചെയ്യുന്ന കോക്കനട്ട് നഴ്സറി സ്ഥാപിതമായ വർഷം?

എ) 1962 ബി) 1972 സി) 1952 ഡി) 1982

91 അങ്ങാടി വലിയ ജുമഅത്ത് പള്ളിയിലെ മുദരിസ് ആയ എൻ.കെ. മുഹമ്മദ് മൗലവി സമസ്ത മുശാവറ അംഗമായി തെരഞ്ഞെടുക്കപ്പെട്ട വർഷം ഏത്?

എ) 1960 ബി) 1961 സി) 1975 ഡി) 1979

92 മുസ്ലിം എംപ്ലോയീസ് കൾച്ചറൽ ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡണ്ടായി പ്രവർത്തിച്ചിരുന്ന പരപ്പനങ്ങാടി സ്വദേശി?

എ) എൻ.കെ.ചെറമംഗലം ബി) എം.എ.ഗഫൂർ പാലത്തിങ്ങൽ

സി) കെ.കെ.മുഹമ്മദ് മദനി ഡി) ഒ.കെ.മുഹമ്മദലി

93 ആകാശവാണിയിൽ 1967ൽ ഒപ്പന അവതരിപ്പിച്ച പരപ്പനങ്ങാടി ടീമിന്റെ ലീഡറായിരുന്ന മുസ്‌ലിം ലീഗ് നേതാവ് ആര്?

എ) വി.പി.മുഹമ്മദ് ബി) ആലിക്കേയി

94 പരപ്പനങ്ങാടി കോ-ഓപ്പറേറ്റീവ് കോളേജ് പ്രവർത്തനമാരംഭിച്ച വർഷം ഏത്?

എ) 1992 ബി) 1993 സി) 1994 ഡി) 1995

95 പാലത്തിങ്ങൽ സ്വദേശിയായ അഡ്വക്കറ്റ് എം.മൊയ്തീൻ കുട്ടി ഹാജി ആദ്യമായി നിയമസഭാംഗമായത് ഏത് മണ്ഡലത്തിൽ നിന്നാണ്?

എ) മങ്കട ബി) കൊണ്ടോട്ടി സി) താനൂർ ഡി) കുറ്റിപ്പുറം

96 ഏതു മേഖലയിലാണ് സംഘടിത തൊഴിലാളി പ്രസ്ഥാനം പരപ്പനങ്ങാടിയിൽ ആദ്യം രൂപംകൊണ്ടത്?

എ) കയറ്റിറക്ക് മേഖല ബി) ബീഡിതെരപ്പ് മേഖല

സി) തെങ്ങുകയറ്റതൊഴിലാളി മേഖല

ഡി) കള്ള് ചെത്തുവ്യവസായ മേഖല

97 താഴെ പറയുന്നവയിൽ ഔവുക്കോയ മുസ്‌ലിയാർ രചിച്ച ഗ്രന്ഥമേത്?

എ) ഇർശാദുൽ ഇബാദ് ബി) ഇശ്റൂന സ്വിഫാത്ത്

സി) ഫതവാ അസ്ഹരിയ്യ ഡി) മുഹാളറത്തുൽ ഇൽമിയ്യ

98 ദീർഘകാലം പരപ്പനങ്ങാടി സഹകരണ ബാങ്കിന്റെ പ്രസിഡണ്ടായും ശേഷം തിരൂർ ഭൂപണയബാങ്കിന്റെ വൈസ് പ്രസിഡണ്ടായും സ്ഥാനമലങ്കരിച്ചതാര്?

എ) സി.വി.കോയമോൻ ബി) പി.പി.ചെറിയബാവ

സി) തലാഞ്ചേരി അബ്ദുറഹിമാൻ ഡി) ഇ.കെ.അബ്ദുറഹ്മാൻ

99 1964 ൽ പരപ്പനങ്ങാടി പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വനിതാമെമ്പർ രാജിവെച്ചപ്പോൾ പകരം നാമനിർദ്ദേശം ചെയ്തത് ആരെയാണ്?

എ) നഫീസ ബീവി ബി) ഫാത്തിമക്കുട്ടി

സി) മാളിയേക്കൽ കുഞ്ഞുമറിയം ഡി) ബീവി പി.കെ

100 പരപ്പനങ്ങാടി സ്വദേശിയായ ഏക അധ്യാപക അവാർഡ് ജേതാവ്?

എ) മാധവമേനോൻ ബി) കെ.വി. കുഞ്ഞഹമ്മദ്

സി) നെല്ലിക്കാട്ട് അച്യുതൻ ഡി) വേലപ്പൻനായർ.എ